ആദിവാസി ഊരുകളുടെ ഉന്നമനത്തിനുള്ള പദ്ധതികൾ

10(*10) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആദിവാസി ഊരുകളുടെ ഉന്നമനത്തിന് "ഊരിനുണർവ് കാടിനുണർവ് പദ്ധതി" പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം പദ്ധതികളാണ് മിഷൻ വഴി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) മിഷൻ 676 വഴിയുള്ള പദ്ധതികളിൽ വനം വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) അനുബന്ധത്തിൽ ചേർത്തിട്ടുള്ള പദ്ധതികളെ സംബന്ധിച്ച രൂപരേഖ തയ്യാറാക്കുന്നതിനുവേണ്ടി വനം വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുടെ ഒരു യോഗം 28-5-2014-ലും ഡിവിഷൻതല ഉദ്യോഗസ്ഥരുടെ ഒരു യോഗം 7-6-2014-വനം വകുപ്പാസ്ഥാനത്ത് കൂടുകയുണ്ടായി. ഈ യോഗങ്ങളുടെ തീരുമാനപ്രകാരം ടി പദ്ധതികളുടെ രൂപരേഖ തയ്യാറാക്കി കഴിഞ്ഞു. "ഊരിനുണർവ് കാടിനുണർവ്" പദ്ധതിയുടെ ഭാഗമായി വനം വകുപ്പുദ്യോഗസ്ഥർ കേരളത്തിലെ എല്ലാ ആദിവാസി ഊരുകളും സന്ദർശിച്ച് താമസക്കാരുമായി ആശയവിനിമയം നടത്തുകയുണ്ടായി. ലഘുവായ ചില പ്രവർത്തനങ്ങളിലൂടെ ഈ ഊരുകളിലെ ചില കാതലായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുവാൻ കഴിയുമെന്ന് മനസ്സിലാക്കിയിട്ടുണ്ട്. വിവിധ വകുപ്പുകൾ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ പ്രയോജനം ഈ ഇടപെടലുകളിലൂടെ ലഭ്യമാക്കാനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ഒരു ലക്ഷം രൂപവരെ ഒരു കോളനിയിൽ ചുവടെ പറയുന്ന വികസനാവശ്യങ്ങൾക്കായി ചെലവാക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

1. കുടിവെള്ള ലഭ്യത
2. റോഡു വികസനം
3. അംഗൻവാടി, ഏകാദ്ധ്യാപക സ്കൂളുകളിലെ സൗകര്യം
4. ആരോഗ്യ പരിപാലനം
5. വീടുകളുടെ അറ്റകുറ്റപ്പണി
6. ജൈവകൃഷി
7. റേഷൻ കട, പൊതുവിതരണ സംവിധാനം
8. വീട് വൈദ്യുതീകരണം
9. ലൈറ്റുകൾ സ്ഥാപിക്കൽ
10. സൗരോർജ്ജ വേലി നിർമ്മാണം.

(ഡി) മിഷൻ 676 വഴിയുള്ള പദ്ധതികളിൽ ഫോറസ്റ്റ് അക്കാദമി കേന്ദ്ര സർക്കാരിന്റെ JICA ഫണ്ടുപയോഗിച്ച് നടപ്പാക്കി വരുന്നു. മറ്റ് പദ്ധതികളിൽ കൃഷിരക്ഷാ പദ്ധതി, ഇക്കോഡെവലപ്പേഴ്സ്, കരുവിക്കൊരു കൂട്, പ്രകൃതി മിത്ര അവാർഡ്, തൃശ്ശൂർ മൃഗശാല എന്നിവയ്ക്ക് ഭരണാനുമതി ലഭിച്ചു. രക്ഷക്കൊരു വൃക്ഷം പദ്ധതി 2014-15-ൽ നടപ്പാക്കി. "ഊരിനുണർവ് കാടിനുണർവ്" പദ്ധതി നടപ്പാക്കാൻ 60 ലക്ഷം രൂപ വനം വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും അനുവദിച്ചു. 200 ലക്ഷം രൂപയുള്ള പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പിലേയ്ക്ക് ഭരണാനുമതിയ്ക്ക് നൽകിയിട്ടുണ്ട്. ഫീൽഡുതലത്തിൽ പദ്ധതി നിർവ്വഹണം പുരോഗമിക്കുന്നു.

ബാർ കോഴക്കേസ് അന്വേഷണം

11(*11) <u>ശ്രീമതി കെ. എസ്. സലീഖ</u> :

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> :

<u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> :

<u>ശ്രീ. ബാബു എം. പാലിശ്ശേരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാർ കോഴക്കേസ് അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്, വിശദമാക്കാമോ;

(ബി) വിജിലൻസ് നടത്തിയ ക്വിക് വെരിഫിക്കേഷന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കപ്പെട്ട നടപടികൾ വെളിപ്പെടുത്താമോ;

LIBRARY ARCHIVES:Kerala Legislative Assembly